# മലബാറിലെ സാമ്രാജ്യത്വവിരുദ്ധ സമരം
# സാംസ്കാരിക-ദാർശനിക പരിസരം

കെ.ടി ഹുസൈൻ

**അക്രമത്തെയും അനീതിയെയും അധീശത്വത്തെയും ഒരു നിലക്കും പൊറുപ്പിച്ച പാരമ്പര്യമില്ലാത്ത മുസ്‌ലിംകളിൽനിന്ന് അവക്കെതിരെ പ്രതികരണം ഉയർന്നുവരിക സ്വാഭാവികമാണ്. ഈ പ്രതികരണം വളർന്നു വികസിച്ചാണ് കേരള ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായമായി അടയാളപ്പെടുത്തപ്പെട്ട മലബാറിലെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളായി രൂപാന്തരപ്പെട്ടത്. കേരളത്തിലെ ഒന്നാമത്തെ സ്വാതന്ത്ര്യസമര പോരാട്ടമായാണ് സാമൂതിരിയുടെ സഹായത്തോടെ മലബാറിലെ മുസ്‌ലിംകൾ നടത്തിയ അധിനിവേശവിരുദ്ധ പോരാട്ടത്തെ സാമ്പ്രദായിക ചരിത്രകാരന്മാരിൽ പലരും അടയാളപ്പെടുത്തിയത്.**

**കേരളത്തിലേക്കുള്ള** ഇസ്‌ലാമിന്റെ ആഗമനവും അതിന്റെ ചരിത്രപരമായ വികാസവും തികച്ചും സമാധാനപരമായിരുന്നുവെന്നത് അംഗീകൃത ചരിത്രവസ്തുതയാണ്. അറേബ്യയും കേരളവും തമ്മിൽ നിലനിന്ന ചിരപുരാതനമായ വ്യാപാരബന്ധത്തിലൂടെയാണ് കേരളീയ സമൂഹം ഇസ്‌ലാമിനെ പരിചയപ്പെടുന്നത്. വ്യാപാരാവശ്യാർഥം കേരളത്തിലെത്തിയ ആദ്യകാല മുസ്‌ലിംകൾ അവർക്ക് പിറകെയെത്തിയ പോർച്ചുഗീസുകാരെയോ ഇംഗ്ലീഷുകാരെയോ പോലെ കച്ചവടത്തെ തങ്ങളുടെ രാഷ്ട്രീയ മേൽക്കോയ്മക്ക് ഉപയോഗപ്പെടുത്തിയില്ല. അതിനാൽ ഇവിടത്തെ അധികാരകേന്ദ്രങ്ങളുടെ സർവവിധ പിന്തുണയും ഇസ്‌ലാമിന്റെ വ്യാപനത്തിന് ലഭിച്ചിരുന്നു. ഏതെങ്കിലും ഹിന്ദുമത വിശ്വാസി ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്തതിന്റെ പേരിൽ ആക്രമിക്കപ്പെട്ട ഒറ്റ സംഭവവും ഉണ്ടായിട്ടില്ലെന്ന് കേരളത്തെക്കുറിച്ച ഏറ്റവും ആദ്യത്തെ ആധികാരിക ചരിത്രരേഖയായ *തുഹ്ഫതുൽ മുജാഹിദീനിൽ* ശൈഖ് സൈനുദ്ദീൻ മഖ്ദൂം രേഖപ്പെടുത്തിയത് പ്രത്യേകം ശ്രദ്ധേയമാണ്. ഏതു കീഴാള ജാതിയിൽപെട്ട ഹിന്ദുവും ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്താൽ പാരമ്പര്യ മുസ്‌ലിമിന്റെ എല്ലാ പരിഗണനയും അയാൾക്ക് നൽകാൻ പൊതു സമൂഹം തയാറായിരുന്നതായും ശൈഖ് സൈനുദ്ദീൻ തുടർന്ന് പറയുന്നു. അധികാരകേന്ദ്രങ്ങളിൽനിന്ന് ലഭിച്ച ഈ അനുകൂല സമീപനത്തിനു പുറമെ, കച്ചവടത്തിൽ ആദ്യകാല മുസ്‌ലിംകൾ പുലർത്തിയ നീതിബോധവും കേരളീയ സമൂഹത്തിൽ നിലനിന്ന ജാതീയ അസമത്വങ്ങളും കേരളത്തിൽ ഇസ്‌ലാമിന്റെ വ്യാപനത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങളാണ്.

തദ്ദേശീയരുമായി ആരോഗ്യകരമായ സാമൂഹിക ബന്ധം നിലനിർത്തുകയും ചൂഷണരഹിതവും സത്യസന്ധവുമായ വ്യവഹാരത്തിലൂടെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിപോഷിപ്പിക്കുകയും ചെയ്ത പ്രബുദ്ധ ജനവിഭാഗമെന്ന നിലക്ക് സാമൂഹിക-സാംസ്കാരിക രംഗത്ത് മുസ്‌ലിംകൾക്ക് ഒരു പരിധിവരെ സ്വയം നിർണയാവകാശവും അനുവദിക്കപ്പെട്ടിരുന്നുവെന്നാണ് ശൈഖ് സൈനുദ്ദീന്റെ വിവരണത്തിൽനിന്ന് മനസ്സിലാകുന്നത്. മുസ്‌ലിം കേന്ദ്രങ്ങളിൽ സർക്കാർ ചെലവിൽ ഖാദിമാരെ നിയമിച്ചിരുന്നതായും ക്രിമിനൽ കേസുകളിൽ പ്രതികളായ മുസ്‌ലിംകളുടെ മേൽ ശരീഅത്ത് പ്രകാരം ശിക്ഷാവിധികൾ നടപ്പിലാക്കിയെന്നുമുള്ള *തുഹ്ഫതുൽ മുജാഹിദീനി*ലെ പ്രസ്താവന അതിലേക്കാണ് വെളിച്ചം വീശുന്നത്. ഇപ്രകാരം, രാഷ്ട്രീയ മേൽക്കോയ്മ ഇല്ലാതിരുന്നിട്ടുപോലും തങ്ങളുടെ സാമൂഹിക-സാംസ്കാരിക വ്യവഹാരങ്ങളെ നിർണയിക്കുന്ന അടിസ്ഥാന ഘടകമായി ശരീഅത്ത് ഉയർത്തിപ്പിടിക്കാൻ യാതൊരു തടസ്സവും ഇല്ലാതിരുന്നതിനാൽ ഭൂരിപക്ഷ ജനവിഭാഗങ്ങളുമായോ അവരുടെ അധികാരകേന്ദ്രങ്ങളുമായോ മുസ്‌ലിംകൾക്ക് സംഘർഷത്തിലേർപ്പെടേണ്ടിവന്നില്ല. തീർത്തും സമാധാനപരമായ ഈ സാമൂഹികാന്തരീക്ഷത്തിൽ സംഘർഷത്തിന്റെയും വിദ്വേഷത്തിന്റെയും വിഷധൂളികൾ വിതറിക്കൊണ്ടാണ് 15-ാം നൂ

റ്റാണ്ടിന്റെ ഒടുവിൽ പോർച്ചുഗീസുകാരുടെ ആഗമനമുണ്ടാകുന്നത്.

കേരളത്തിലേക്കുള്ള പോർച്ചുഗീസ് വരവിന്റെ പിന്നിൽ കച്ചവടതാൽപര്യം മാത്രമായിരുന്നില്ല. രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ അധിനിവേശം എന്ന സാമ്രാജ്യത്വ അജണ്ട അതിനു പിറകിലുണ്ടായിരുന്നു. കാരണം, കിഴക്കൻ നാടുകൾ കീഴടക്കാനും സാമ്രാജ്യം വ്യാപിപ്പിക്കാനും 1454-ൽ തന്നെ പോർച്ചുഗൽ രാജാവിന് പോപ്പ് അനുമതി നൽകിയിരുന്നു. ഇങ്ങനെ പിടിച്ചെടുക്കുന്ന പൗരസ്ത്യ ദേശങ്ങൾക്ക് മേലുള്ള പൂർണാവകാശം പോർച്ചുഗീസ് രാജാവിന് പതിച്ചുനൽകുന്ന ഔദ്യോഗിക അറിയിപ്പ് 1502-ൽ പോപ്പിൽ നിന്ന് പോർച്ചുഗീസ് രാജാവിന് ലഭിക്കുകയും ചെയ്തു. രാഷ്ട്രീയ-സാമ്പത്തിക അധിനിവേശത്തിന് മതപരമായ സാധൂകരണം നൽകുന്നതായിരുന്നു ഈ അനുമതിപത്രം.

പോർച്ചുഗീസുകാർ മലബാറിലെത്തുമ്പോൾ ഇവിടത്തെ വ്യാപാരകുത്തക പ്രധാനമായും മുസ്‌ലിംകൾക്കായിരുന്നു. സത്യസന്ധതയിലൂടെ നേടിയ ഈ വ്യാപാര മേൽക്കോയ്മ തകർത്താലല്ലാതെ ചൂഷണത്തിലും വിഭവ കൊള്ളയിലും അധിഷ്ഠിതമായ തങ്ങളുടെ കച്ചവടം വേരുപിടിക്കുകയില്ലെന്ന് തുടക്കത്തിലേ അവർ മനസ്സിലാക്കി. പോരാത്തതിന്, കുരിശുയുദ്ധത്തിന്റെ ചരിത്രാനുഭവം പകർന്നുനൽകിയ ഇസ്‌ലാംവിദ്വേഷം യൂറോപ്യരിൽ ഏറ്റവും കൂടുതലുണ്ടായിരുന്നത് പോർച്ചുഗീസുകാർക്കായിരുന്നു. 1492-ൽ സ്പെയിനിൽനിന്ന് മുസ്‌ലിംകളെ കൂട്ടത്തോടെ കുടിയിറക്കിയതിന്റെ ഹാങ് ഓവർ തീരുന്നതിനു മുമ്പായിരുന്നുവല്ലോ അവരുടെ കേരളത്തിലേക്കുള്ള വരവ്. ഇപ്രകാരം മതപരവും ചരിത്രപരവും രാഷ്ട്രീയവും സാമ്പത്തികവുമായ ഒട്ടേറെ കാരണങ്ങളാൽ കേരളത്തിലും അവരുടെ മുഖ്യ എതിരാളികൾ മുസ്‌ലിംകളായിരുന്നു. ആഗോള രാഷ്ട്രീയത്തിലെ പാശ്ചാത്യ-മുസ്‌ലിം സംഘർഷത്തെക്കുറിച്ച കൃത്യമായ ധാരണയുണ്ടായിരുന്നതിനാൽ മുസ്‌ലിംകൾക്കും പോർച്ചുഗീസ് വരവിന്റെ പിറകിലെ രാഷ്ട്രീയം അജ്ഞാതമായിരുന്നില്ല. അതിനെക്കുറിച്ച് അവർ സാമൂതിരിക്ക് മുന്നറിയിപ്പു നൽകുകയും ചെയ്തിരുന്നു.

ഏതായാലും കേരളത്തിലെ നാടുവാഴികൾക്കിടയിലെ കുടിപ്പകയും ചേരിതിരിവും മുതലെടുത്തുകൊണ്ട് കൊച്ചിയിലും കണ്ണൂരിലും കോട്ട കെട്ടുന്നതിൽ വിജയിച്ച പോർച്ചുഗീസുകാർ മുസ്‌ലിംകളുടെ വ്യാപാരക്കുത്തക തകർക്കാനും


*പൊന്നാനി വലിയ ജുമുഅത്ത് പള്ളി (മഖ്ദൂം പള്ളി)*

**പോർച്ചുഗീസ് വിരുദ്ധ പോരാട്ടത്തിന്റെ ഏറ്റവും പ്രഥമവും പ്രധാനവുമായ ആശയസ്രോതസ്സ് പൊന്നാനിയിലെ മഖ്ദൂം കുടുംബത്തിലെ പണ്ഡിതന്മാരായിരുന്നു. അവർ ഇസ്‌ലാമിനെ ഏതാനും അനുഷ്ഠാനങ്ങളിൽ പരിമിതപ്പെടുത്തിയ കേവലാർഥത്തിലുള്ള മതപണ്ഡിതന്മാരായിരുന്നില്ല. മറിച്ച്, സാമൂഹിക- രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലുള്ള ഇസ്‌ലാമിന്റെ പ്രതിനിധാനത്തെ കുറിച്ച് വ്യക്തവും കണിശവുമായ തിരിച്ചറിവോടു കൂടി സമുദായത്തിന് ബഹുമുഖമായ നേതൃത്വം നൽകിയ വിപ്ലവകാരികളും പരിഷ്കർത്താക്കളും കൂടിയായിരുന്നു.**

അവരെ ശാരീരികമായി ഉന്മൂലനം ചെയ്യാനുമാണ് ആദ്യമായി ശ്രമിച്ചത്. കോഴിക്കോട്ടെ സാമൂതിരിയോടുള്ള അവരുടെ വിദ്വേഷത്തിന് പ്രധാന കാരണം അദ്ദേഹം മുസ്‌ലിംകൾക്ക് സംരക്ഷണം നൽകിയതാണ്. തന്ത്രപരമായ നീക്കത്തിലൂടെ കോഴിക്കോട് പാണ്ടികശാല തുറക്കാൻ അനുമതി ലഭിച്ചപ്പോൾ അവർ അറബിക്കടലിനുമേൽ അവകാശവാദമുന്നയിക്കുകയും മുസ്‌ലിംകളെ ബഹിഷ്കരിക്കാനും അറബിക്കടലിലൂടെയുള്ള അവരുടെ വ്യാപാരം തടയാനും സാമൂതിരിയോടാവശ്യപ്പെടുകയും ചെയ്തു. ഇത്തരമൊരവകാശവാദത്തിലേക്ക് അവരെ നയിച്ചത് പാശ്ചാത്യസഹജമായ വംശീയമനോഘടനയാണെന്ന് ഈ അവകാശവാദത്തെ ന്യായീകരിച്ചുകൊണ്ട് പോർച്ചുഗീസ് ചരിത്രകാരൻ ബറോസ് നടത്തിയ ഈ പ്രസ്താവന വ്യക്തമാക്കുന്നു: "സമുദ്രത്തിൽ എല്ലാ നാവികർക്കും തുല്യ അവകാശമാണുള്ളതെങ്കിലും ഈ നിയമം യൂറോപ്പിലെ ക്രിസ്ത്യാനികൾക്ക് മാത്രമാണ് ബാധകമായത്. യേശുക്രിസ്തുവിന്റെ നിയമത്തിന് പുറത്തുള്ള മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കും ഈ നിയമത്തിന്റെ ആനുകൂല്യത്തിന് അർഹതയില്ല" (ഉദ്ധരണം, *സർവവിജ്ഞാനകോശം* 8/298).

സമുദ്രത്തിനു മേലുള്ള ഈ അവകാശവാദം അംഗീകരിച്ചുകൊടുക്കാൻ പക്ഷേ, സാമൂതിരിയുടെ പ്രജകളായ ആത്മാഭിമാനികളായ മുസ്‌ലിംകളോ നായന്മാരോ ഒരുക്കമായിരുന്നില്ല. അവർ പറങ്കികളുടെ തിട്ടൂരം വകവെക്കാതെ സമുദ്രത്തിലൂടെയുള്ള വ്യാപാരം അനുസ്യൂതം തുടർന്നു. ക്രൂരവും പൈശാചികവുമായ ആക്രമണങ്ങളിലൂടെയാണ് പറങ്കികൾ അതിനെ നേരിട്ടത്. മുസ്‌ലിംകളെ പ്രത്യേകം ലക്ഷ്യം വെച്ച് അവർ അഴിച്ചുവിട്ട കിരാത നടപടികളുടെ ചിത്രം സ്വന്തം അനുഭവപശ്ചാത്തലത്തിൽനിന്ന് ശൈഖ് സൈനുദ്ദീൻ കുറിച്ചിട്ടത് ഇപ്രകാരം വായിക്കാം: "അകാരണമായി മുസ്‌ലിംകളെ മർദിക്കുക, പരിഹസിക്കുക, ചളിയും വെള്ളവും കടന്ന് പോകേണ്ട സ്ഥലങ്ങളിൽ വാഹനമാക്കി മുസ്‌ലിംകളെ ഉപയോഗിക്കുക, മുഖത്തും ശരീരത്തിലും തുപ്പുക, കച്ചവട യാത്രയും ഹജ്ജ് യാത്രയും നിരോധിക്കുക, സാധനങ്ങൾ കൊള്ളയടിക്കുക, വാഹനങ്ങൾ പിടിച്ചുപറിക്കുക, മുസ്ഹഫുകൾ കിതാബുകൾ തുടങ്ങിയ പരിശുദ്ധ ഗ്രന്ഥങ്ങൾ ചവിട്ടിത്തേക്കുക, അഗ്നിക്കിരയാക്കുക, പ്രവാചകനെ അവഹേളിക്കുക, ആരാധനാലയങ്ങൾ അശുദ്ധമാക്കുക, ഇസ്‌ലാമികമല്ലാത്ത വാക്കുകൾ ഉപയോഗിക്കാൻ നിർബന്ധിക്കുക, അങ്ങനെ ചെയ്യുന്നവർക്ക് പണം കൊടുക്കുക, മുസ്‌ലിം സ്ത്രീകളെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കാൻ ക്രിസ്ത്യൻ സ്ത്രീകളെ മോടിയുള്ള വസ്ത്രങ്ങളും വിലപിടിപ്പുള്ള ആഭരണങ്ങളും ധരിപ്പിച്ച് പട്ടണത്തിലൂടെ നടത്തുക, ഹജ്ജ് തീർഥാടകരെ തെരഞ്ഞുപിടിച്ച് വധിക്കുക, ബന്ധനസ്ഥരായ മുസ്‌ലിംകളെ കാലിൽ ചങ്ങലയിട്ട് മതിവരുവോളം മർദിക്കുക, മർദനമേറ്റ് അവശരായവരെ വലിച്ചിഴച്ച് വിൽപനക്കായി അങ്ങാടികൾതോറും കൊണ്ടുനടക്കുക, ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യാൻ നിർബന്ധിക്കുക എന്നിവ നിത്യ സംഭവങ്ങളായി" (*തുഹ്ഫതുൽ മുജാഹിദീൻ*- വിവർത്തനം: വേലായുധൻ പണിക്കശ്ശേരി, പേ. 111, 112).



*കുഞ്ഞാലി മരക്കാരുടെ വീട്*

സ്ത്രീകളും കുട്ടികളുമടക്കം നാനൂറോളം തീർഥാടകർ യാത്രചെയ്ത കപ്പൽ സമുദ്രത്തിൽവെച്ച് അഗ്നിക്കിരയാക്കിയ ഭീകര കൃത്യം *തുഹ്ഫതുൽ മുജാഹിദീനി*ൽ പരാമർശിക്കുന്നു. മലബാറിൽ ആദ്യമായി കാലുകുത്തിയ പോർച്ചുഗീസ് നാവികൻ വാസ്കോഡിഗാമ തന്നെയാണ് ഈ പൈശാചികതക്ക് നേതൃത്വം നൽകിയത്. യാത്രക്കാരെ ചങ്ങലയിൽ ബന്ധിച്ചാണ് കപ്പലിന് തീകൊളുത്തിയത്. ചങ്ങലയിൽ ബന്ധിതമായ നിലയിൽ അഗ്നിയിൽ എരിഞ്ഞമരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആർത്തനാദങ്ങൾ കപ്പലിന്റെ ദ്വാരത്തിലൂടെ ഗാമ കണ്ടു രസിക്കുമായിരുന്നുവത്രെ. മുസ്‌ലിം സ്ത്രീകളെ ബലാത്സംഗം ചെയ്ത് അതിലൂടെ ജനിക്കുന്ന കുട്ടികളെ ക്രിസ്ത്യാനികളാക്കി വളർത്തുകയും അവരെക്കൊണ്ട് മുസ്‌ലിംകൾക്കെതിരെ യുദ്ധം ചെയ്യിക്കുകയും ചെയ്യുന്ന, ലോക ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത അത്യന്തം വൃത്തികെട്ട നടപടികളും അവർ സ്വീകരിച്ചു. കൊച്ചിയിലും ചാലിയത്തും അവർ കോട്ട കെട്ടിയത് അവിടങ്ങളിലുണ്ടായിരുന്ന മുസ്‌ലിം പള്ളികൾ തകർത്ത് അതിന്റെ കല്ലും മരവും ഉപയോഗിച്ചാണെന്നത്, ഇസ്‌ലാമിനോടും മുസ്‌ലിംകളോടും അവർ വെച്ചുപുലർത്തിയ വിദ്വേഷത്തെ അടയാളപ്പെടുത്തുന്ന വസ്തുതകളാണ്.

അക്രമത്തെയും അനീതിയെയും അധീശത്വത്തെയും ഒരു നിലക്കും പൊറുപ്പിച്ച പാരമ്പര്യമില്ലാത്ത മുസ്‌ലിംകളിൽനിന്ന് അവക്കെതിരെ പ്രതികരണം ഉയർന്നുവരിക സ്വാഭാവികമാണ്. ഈ പ്രതികരണം വളർന്നു വികസിച്ചാണ് കേരള ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായമായി അടയാളപ്പെടുത്തപ്പെട്ട മലബാറിലെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളായി രൂപാന്തരപ്പെട്ടത്. കേരളത്തിലെ ഒന്നാമത്തെ സ്വാതന്ത്ര്യസമര പോരാട്ടമായാണ് സാമൂതിരിയുടെ സഹായത്തോടെ മലബാറിലെ മുസ്‌ലിംകൾ നടത്തിയ അധിനിവേശവിരുദ്ധ പോരാട്ടത്തെ സാമ്പ്രദായിക ചരിത്രകാരന്മാരിൽ പലരും അടയാളപ്പെടുത്തിയത്.

അക്രമത്തിനും അനീതിക്കുമെതിരെയുള്ള ഏതൊരു പ്രതികരണവും ചെറുത്തുനിൽപും പക്വതയും ദിശാബോധവുമുള്ള നേതൃത്വവും കൃത്യവും കണിശവുമായ ആശയ പരിസരവും ഇല്ലെങ്കിൽ വഴിതെറ്റുകയും ശിഥിലീകരിക്കപ്പെടുകയും ചെയ്യുമെന്നത് ചരിത്രാനുഭവമാണ്. എന്നാൽ മലബാറിലെ മുസ്‌ലിംകൾ പോർച്ചുഗീസുകാർക്കെതിരെ നടത്തിയ ചെറുത്തുനിൽപിന്റെ ഏറ്റവും വലിയ പ്രത്യേകത, അതിന് ഓരോ ഘട്ടത്തിലും ദീർഘവീക്ഷണവും പക്വതയും ലോക പരിചയവുമുള്ള പണ്ഡിതന്മാരുടെ ധൈഷണികവും പ്രായോഗികവുമായ നേതൃത്വം ഉണ്ടായിരുന്നുവെന്നതാണ്. പറങ്കികൾക്കെതിരെയുള്ള സാമ്രാജ്യത്വവിരുദ്ധ സമരം ഒരു ഘട്ടത്തിലും വഴിതെറ്റിയ കലാപമോ ഹിംസാത്മക പ്രവർത്തനമോ ആയി രൂപമാറ്റം സംഭവിക്കാതെപോയത് അതുകൊണ്ടാണ്.

പോർച്ചുഗീസ് ആക്രമണത്തിനു പിറകിലെ സാമ്രാജ്യത്വ അജണ്ടയെ കുറിച്ച് അറബികളായ മുസ്‌ലിംകൾ തുടക്കത്തിലേ തിരിച്ചറിഞ്ഞുവെങ്കിലും തദ്ദേശീയരായ മുസ്‌ലിംകളെല്ലാവരും തുടക്കത്തിൽ അതിനെക്കുറിച്ച് വേണ്ടത്ര ധാരണയുള്ളവരായിരുന്നില്ല. വാണിജ്യ മേൽക്കോയ്മക്കു വേണ്ടിയുള്ള ശ്രമങ്ങളായേ അവർ അതിനെ കണ്ടിരുന്നുള്ളൂ. കോയപ്പക്കിയെ പോലുള്ള തദ്ദേശീയരായ മുസ്‌ലിം വ്യാപാരികൾ പോർച്ചുഗീസുകാരുമായി സഹകരിച്ചത് ഈ തിരിച്ചറിവിന്റെ അഭാവം മൂലമാണ്. പിൽക്കാലത്ത് അധിനിവേശവിരുദ്ധ സമരത്തിന്റെ ഉജ്ജ്വല വീരഗാഥ രചിച്ച കുഞ്ഞാലി മരക്കാർമാരുടെ കുടുംബം പോലും കൊച്ചിയിൽ താമസിച്ചിരുന്ന കാലത്ത് പോർച്ചുഗീസുകാരുമായി വാണിജ്യബന്ധം പുലർത്തിയിരുന്നു. സമരനേതൃത്വം കൈയാളിയ പണ്ഡിത

ന്മാർ ഒരുക്കിയ ആശയപരിസരം മലബാറിലെ മുസ്‌ലിംകളെ ഒന്നടങ്കം സാമ്രാജ്യത്വവിരുദ്ധ സമരത്തിൽ അണിനിരത്തിയ ചരിത്രാനുഭവത്തിനാണ് പിൽക്കാലം സാക്ഷിയായത്.

പോർച്ചുഗീസ് വിരുദ്ധ പോരാട്ടത്തിന്റെ ഏറ്റവും പ്രഥമവും പ്രധാനവുമായ ആശയസ്രോതസ്സ് പൊന്നാനിയിലെ മഖ്ദൂം കുടുംബത്തിലെ പണ്ഡിതന്മാരായിരുന്നു. അവർ ഇസ്‌ലാമിനെ ഏതാനും അനുഷ്ഠാനങ്ങളിൽ പരിമിതപ്പെടുത്തിയ കേവലാർഥത്തിലുള്ള മതപണ്ഡിതന്മാരായിരുന്നില്ല. മറിച്ച്, സാമൂഹിക- രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലുള്ള ഇസ്‌ലാമിന്റെ പ്രതിനിധാനത്തെ കുറിച്ച് വ്യക്തവും കണിശവുമായ തിരിച്ചറിവോടു കൂടി സമുദായത്തിന് ബഹുമുഖമായ നേതൃത്വം നൽകിയ വിപ്ലവകാരികളും പരിഷ്കർത്താക്കളും കൂടിയായിരുന്നു. ഇസ്‌ലാമിനെ കുറിച്ച് ഗ്രന്ഥത്താളുകളിൽനിന്ന് ലഭിച്ച അറിവുകൾക്കു പുറമെ വിജ്ഞാനസമ്പാദനാർഥം നടത്തിയ യാത്രകളിലൂടെ കൈവന്ന ലോകപരിചയവും മഖ്ദൂം പണ്ഡിതന്മാരുടെ ലോകവീക്ഷണത്തെ രൂപപ്പെടുത്തിയതിൽ പ്രധാന ഘടകമായി വർത്തിച്ചതായി മനസ്സിലാക്കാം. പോർച്ചുഗീസ് അധിനിവേശത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക പ്രത്യാഘാതങ്ങൾ യഥാതഥമായി തിരിച്ചറിയാനും അതിനെ ചെറുക്കാൻ ഇസ്‌ലാമിന്റെ ആവനാഴിയിലെ ഏറ്റവും ഫലപ്രദ ആയുധമായ ജിഹാദിനെ മുന്നോട്ടുവെക്കാനും അവരെ പ്രേരിപ്പിച്ചത് ഈ ലോകവീക്ഷണമാണ്.

മഖ്ദൂം കുടുംബത്തിൽനിന്ന് പോർച്ചുഗീസുകാർക്കെതിരെ ജിഹാദിന് ആഹ്വാനം ചെയ്ത ആദ്യത്തെ മതപണ്ഡിതൻ സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ എന്ന പേരിൽ വിശ്രുതനായ ശൈഖുൽ ഇസ്‌ലാം അബൂ യഹ്‌യ സൈനുദ്ദീനുബ്നു അലിയാണ്. 1467-ൽ കൊച്ചിയിൽ ജനിച്ച് 1521-ൽ പൊന്നാനിയിൽ മരണപ്പെട്ട അദ്ദേഹം രചിച്ച *തഹ്‌രീള്* എന്ന ഖണ്ഡകാവ്യം പോർച്ചുഗീസ്‌വിരുദ്ധ സമരത്തിന് മുസ്‌ലിംകൾക്ക് ആശയപരമായ ഉൾക്കരുത്ത് നൽകിയ പ്രഥമകൃതിയാണ്. *തഹ്‌രീളു അഹ്‌ലിൽ ഈമാൻ അലാ ജിഹാദി അബദതിസ്സുൽബാൻ* എന്നാണ് അറബിയിലുള്ള ഗ്രന്ഥത്തിന്റെ മുഴുവൻ പേര്. 'കുരിശുപൂജകരോട് പൊരുതുക' എന്നതാണ് മലയാളത്തിൽ ഇതിന്റെ ആശയവിവർത്തനം. പോർച്ചുഗീസുകാർ ക്രിസ്ത്യാനികളായതുകൊണ്ടല്ല അവരോട് പൊരുതാൻ അദ്ദേഹം ആഹ്വാനം ചെയ്തത്. മറിച്ച്, അവർ അക്രമികളും

**ദീർഘകാലം അധിനിവേശവിരുദ്ധ പോരാട്ടങ്ങൾക്ക് മുസ്‌ലിംകൾക്ക് താങ്ങും തണലുമായി വർത്തിച്ച സാമൂതിരി പോലും ഗത്യന്തരമില്ലാതെ അധിനിവേശക്കാരുമായി സന്ധി ചെയ്തപ്പോൾ, തളർന്നു പോയ മുസ്‌ലിംകളുടെ ആത്മവീര്യം വീണ്ടെടുക്കുക എന്ന ചരിത്രദൗത്യമാണ് *തുഹ്ഫതുൽ മുജാഹിദീൻ* എന്ന വിപ്ലവ കൃതി നിർവഹിച്ചത്. *തുഹ്ഫതുൽ മുജാഹിദീൻ* പ്രത്യക്ഷത്തിൽ കരുതപ്പെടുന്നതുപോലെ ഒരു സമരകൃതിയോ ചരിത്രരേഖയോ മാത്രമല്ല. മറിച്ച്, അത് സമുദായത്തിന്റെ ആന്തരിക പരിഷ്കരണത്തിനും നവോത്ഥാനത്തിനുമുള്ള രാസത്വരകം കൂടിയാണ്.**

അധിനിവേശകരും കൈയേറ്റക്കാരുമായതുകൊണ്ടാണ്. കിഴക്കൻ നാടുകൾ വെട്ടിപ്പിടിക്കാനുള്ള യുദ്ധത്തിന് കുരിശുയുദ്ധമെന്നത് യൂറോപ്യർ സ്വയം സ്വീകരിച്ച പേരായതിനാൽ യൂറോപ്യരെ സംബോധന ചെയ്യാൻ എതിരാളികളും കുരിശുപൂജകർ എന്ന വാക്കുപയോഗിക്കുന്നതിൽ അന്നത്തെ സാഹചര്യത്തിൽ യാതൊരസാംഗത്യവുമില്ല. ജിഹാദിന് ആഹ്വാനം ചെയ്യുക മാത്രമായിരുന്നില്ല ശൈഖ് സൈനുദ്ദീൻ. കേരളത്തിലെ മഹല്ലുകൾ തോറും സഞ്ചരിച്ച് സാമൂതിരിക്കു കീഴിൽ മുസ്‌ലിംകളെ സംഘടിപ്പിച്ച് പറങ്കികൾക്കെതിരെ യുദ്ധത്തിന് നേതൃത്വം നൽകുകയായിരുന്നു അദ്ദേഹം.

സാമൂതിരി നേതൃത്വം നൽകിയ ഭരണപരവും സൈനികവുമായ വ്യവസ്ഥാപിത സംവിധാനത്തിന്റെ ഭാഗമായി നിന്നുകൊണ്ടുള്ള സമരത്തിനാണ് ശൈഖ് സൈനുദ്ദീന്റെ ആഹ്വാനമെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ജിഹാദ് വ്യക്തികളുടെ കേവലമായ വൈകാരിക എടുത്തുചാട്ടമായിരുന്നില്ലെന്നും സുചിന്തിതവും ആസൂത്രിതവുമായ ഒരു രാഷ്ട്രീയ-സൈനിക പദ്ധതിയായിരുന്നുവെന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. അതുപോലെ അമുസ്‌ലിമായ സാമൂതിരിയുടെ നേതൃത്വത്തിൽ മുസ്‌ലിംകളും നായർ പടയാളികളും ചേർന്ന് നടത്തിയ യുദ്ധത്തെ ശൈഖ് സൈനുദ്ദീൻ ജിഹാദായി പ്രശ്നവത്കരിച്ചതും സവിശേഷ ശ്രദ്ധയർഹിക്കുന്നു. സാമ്രാജ്യത്വത്തിന്റെ നൃശംസതകൾക്കെതിരെ പൊരുതാൻ എക്കാലത്തും മുസ്‌ലിംകളുടെ ആശയാടിത്തറയായ ജിഹാദിന്, പലരും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ മതഭ്രാന്തുമായി യാതൊരു ബന്ധവുമില്ലെന്നാണ് ഇത് വെളിപ്പെടുത്തുന്നത്. ഏതായാലും *തഹ്‌രീള്* ഉണർത്തിവിട്ട ആദർശപ്രചോദിതമായ സമരോത്സുകത മുസ്‌ലിംകളെ ആഴത്തിൽ സ്വാധീനിക്കുകയും പിന്നീടുള്ള പോർച്ചുഗീസ്‌വിരുദ്ധ നീക്കങ്ങളിലെല്ലാം അത് പ്രതിഫലിക്കുകയും ചെയ്തു. കാരണം, പോർച്ചുഗീസുകാരുടെ കിരാത ആക്രമണങ്ങൾ സാമൂതിരിയെയും മുസ്‌ലിംകളെയും ഏറെ തളർത്തിയ ചരിത്രസന്ദർഭത്തിലായിരുന്നു *തഹ്‌രീളി*ന്റെ രചന. തങ്ങളുടെ ആദ്യ വാസ സ്ഥലമായ കൊച്ചി വിട്ട് പറങ്കികളുമായുള്ള യുദ്ധത്തിന് മരക്കാർ കുടുംബം മലബാറിലേക്ക് കുടിയേറിയതിനു പിറകിൽ *തഹ്‌രീള്* പ്രചോദനമായിട്ടുണ്ടെന്ന് കരുതാൻ ന്യായങ്ങളുണ്ട്. കാരണം മരക്കാർ കുടുംബം മലബാറിലെത്തുന്നതും പോർച്ചുഗീസുകാർ സാമൂതിരിയുമായി യുദ്ധം തുടങ്ങുന്നതും 1524-ലാണ്. *തഹ്‌രീളി*ന്റെ രചയിതാവ് മരണപ്പെടുന്നത് 1521-ലാണ്. പറങ്കികളുടെ കിരാതമായ ചെയ്തികളുടെ ഹൃദയഭേദകമായ കഥകൾ അനാവരണം ചെയ്തുകൊണ്ട്, അതിനെ ചെറുക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും മതപരമായ ബാധ്യതയാണെന്ന് ചൂണ്ടിക്കാണിക്കുന്ന ഈ വിപ്ലവ കവിതയുടെ ആയിരക്കണക്കിന് കോപ്പികൾ കേരളത്തിനകത്തും പുറത്തും വിതരണം ചെയ്യപ്പെട്ടിരുന്നു. സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെയും കുഞ്ഞാലി മരക്കാർമാരുടെയും ജന്മസ്ഥലം കൊച്ചിയിലായിരുന്നു. മലബാറിൽ മരക്കാർ കുടുംബം ആദ്യമായി താവളമടിച്ചത് മഖ്ദൂമിന്റെ ആസ്ഥാനമായ പൊന്നാനിയിലായതും യാദൃഛികമല്ല. പൊന്നാനിയിൽ താവളമടിച്ച മരക്കാർ കുടുംബത്തിൽ ഒരു കുഞ്ഞാലി മരക്കാർ ഉണ്ടായിരുന്നതായി സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ വ്യക്തമാക്കിയിട്ടുണ്ട്. ഏതാ

യാലും കൊച്ചിയിലായിരുന്ന കാലത്ത് വ്യാപാരത്തിൽ മാത്രം താൽപര്യമുണ്ടായിരുന്ന മരക്കാർ കുടുംബത്തിന്റെ ആശയചക്രവാളവും കർമമണ്ഡലവും വികസിച്ചത് മലബാറിൽ വന്നതിനു ശേഷമാണെന്ന കാര്യം വ്യക്തമാണ്. മഖ്ദൂം കുടുംബവുമായുള്ള സഹവാസത്തിലൂടെ പകർന്നുകിട്ടിയ ഇസ്‌ലാമിക ലോകവീക്ഷണമാണ് അതിന് കാരണമെന്ന് കരുതുന്നതിൽ തെറ്റില്ല. കോഴിക്കോട്ട് വന്നതിനു ശേഷം സാമൂതിരിയുടെ നാവികപ്പടയുടെ നേതൃത്വം ഏറ്റെടുത്ത കുഞ്ഞാലി മരക്കാർമാരുടെ കീഴിൽ പറങ്കികൾക്കെതിരെ മുസ്‌ലിംകൾ ഒന്നടങ്കം അണിനിരന്നതിനു കാരണം *തഹ്‌രീള്* പകർന്നുനൽകിയ സമരപാഠവും പോരാട്ടവീര്യവുമാണെന്നതിൽ സംശയമില്ല. ചുരുക്കത്തിൽ, സൈനുദ്ദീൻ മഖ്ദൂം ഉഴുതുമറിച്ച ഭൂമിയിലാണ് കുഞ്ഞാലി മരക്കാർമാർ വിത്തിറക്കിയത്.

സൈനുദ്ദീൻ ഒന്നാമനെപ്പോലെ അദ്ദേഹത്തിന്റെ മകൻ അബ്ദുൽ അസീസ് മഖ്ദൂമും സമുദായത്തിന് രാഷ്ട്രീയനേതൃത്വം നൽകിയ പോരാളിയായ മതപണ്ഡിതനായിരുന്നു. മലബാറിലെ പോർച്ചുഗീസ് മേൽക്കോയ്മയുടെ അടിത്തറ തകർത്ത ചാലിയം യുദ്ധത്തിൽ മുസ്‌ലിംസൈന്യത്തിന്റെ പ്രധാന നേതാക്കളിലൊരാൾ ശൈഖ് അബ്ദുൽ അസീസായിരുന്നു. പോരാട്ടഭൂമിയിലുള്ള ശൈഖിന്റെ സാന്നിധ്യം മുസ്‌ലിം പടയാളികൾക്ക് നൽകിയ ആത്മവിശ്വാസവും ധാർമിക പ്രചോദനവും ചാലിയം യുദ്ധ വിജയത്തിലെ നിർണായക ഘടകമായിരുന്നു. ശൈഖ് അബ്ദുൽ അസീസ്, ചാലിയം യുദ്ധത്തിൽ വഹിച്ച പങ്ക് ഖാദി മുഹമ്മദിന്റെ *ഫത്ഹുൽ മുബീനിൽ* സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. സാമൂതിരിയുടെ പ്രധാന രാഷ്ട്രീയ ഉപദേഷ്ടാക്കളിൽ ഒരാൾ കൂടിയായിരുന്നു അബ്ദുൽ അസീസ് മഖ്ദൂം.

ചാലിയം യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തിന് നേതൃത്വം നൽകിയ മറ്റൊരു പ്രധാന പണ്ഡിതനാണ് ശൈഖ് അബുൽ വഫ ശംസുദ്ദീൻ മുഹമ്മദ് എന്ന ശൈഖ് മാമുക്കോയ മുസ്‌ലിയാർ. ചാലിയം കോട്ട കീഴടക്കാൻ നാവിക നേതൃത്വം നൽകിയ പട്ടുമരക്കാർ എന്ന കുഞ്ഞാലി മരക്കാർ മൂന്നാമന്റെ പ്രധാന ആശയ പിൻബലവും പ്രചോദനവും ശൈഖ് മാമുക്കോയയായിരുന്നു. അദ്ദേഹം തന്റെ സമകാലികനായ ശൈഖ് അബ്ദുൽ അസീസിനോടൊപ്പം പൊന്നാനിയിൽ താമസിക്കുന്ന കാലത്താണ് ചാലിയം യുദ്ധത്തിലേറ്റ പരാജയത്തിന്റെ പ്രതികാരമെന്നോണം പറങ്കികൾ പൊന്നാനിയിലെ മുസ്‌ലിം കേന്ദ്രങ്ങൾ ആക്രമിച്ചത്. ഈ ആക്രമണത്തെ ഫലപ്രദമായി ചെറുക്കാനും പ്രത്യാക്രമണം ദിശതെറ്റാതിരിക്കാനും പൊന്നാനിയിലെ ശൈഖിന്റെ സാന്നിധ്യം സഹായകമായി ഭവിച്ചു.

മലബാർ മുസ്‌ലിംകളുടെ അധിനിവേശ വിരുദ്ധസമരങ്ങൾക്ക് ആശയപരവും സാംസ്കാരികവുമായ ഊർജം പ്രദാനംചെയ്ത കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പണ്ഡിതൻ *തുഹ്ഫതുൽ മുജാഹിദീനി*ന്റെ രചയിതാവ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമനാണ്. ഇദ്ദേഹം *തഹ്‌രീളി*ന്റെ കർത്താവായ സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പൗത്രനാണ്. മലബാറിലെ പോർച്ചുഗീസ് അധിനിവേശം ഏറ്റവും കരാളമായ ചരിത്ര സന്ദർഭത്തിലാണ് അദ്ദേഹം ജീവിച്ചത്. അതുകൊണ്ടുതന്നെ അധിനിവേശത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക പ്രത്യാഘാതങ്ങൾ നേരിൽ അനുഭവിക്കാൻ അദ്ദേഹത്തിനവസരമുണ്ടായി. ദീർഘകാലം അധിനിവേശവിരുദ്ധ പോരാട്ടങ്ങൾക്ക് മുസ്‌ലിംകൾക്ക് താങ്ങും തണലുമായി വർത്തിച്ച സാമൂതിരി പോലും ഗത്യന്തരമില്ലാതെ അധിനിവേശക്കാരുമായി സന്ധി ചെയ്തപ്പോൾ, തളർന്നു പോയ മുസ്‌ലിംകളുടെ ആത്മവീര്യം വീണ്ടെടുക്കുക എന്ന ചരിത്രദൗത്യമാണ് *തുഹ്ഫതുൽ മുജാഹിദീൻ* എന്ന വിപ്ലവ കൃതി നിർവഹിച്ചത്. *തുഹ്ഫതുൽ മുജാഹിദീൻ* പ്രത്യക്ഷത്തിൽ കരുതപ്പെടുന്നതുപോലെ ഒരു സമരകൃതിയോ ചരിത്രരേഖയോ മാത്രമല്ല. മറിച്ച്, അത് സമുദായത്തിന്റെ ആന്തരിക പരിഷ്കരണത്തിനും നവോത്ഥാനത്തിനുമുള്ള രാസത്വരകം കൂടിയാണ്. സാമൂതിരിയുടെ ഭരണത്തിൽ ലഭിച്ച സമാധാനാന്തരീക്ഷവും കച്ചവടത്തിലൂടെ നേടിയ സാമ്പത്തികാഭിവൃദ്ധിയും കാരണം കാലക്രമത്തിൽ മുസ്‌ലിംകൾ സുഖലോലുപരും ദൈവബോധമില്ലാത്തവരുമായി മാറിയതിനുള്ള ദൈവികശിക്ഷയാണ് പോർച്ചുഗീസ് അധിനിവേശമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. സമുദായത്തെ ആന്തരികമായി ദുർബലമാക്കിയ ജീർണതകളുടെയും വിശ്വാസരാഹിത്യത്തിന്റെയും വിപാടനത്തിലൂടെ മാത്രമേ രാഷ്ട്രീയ അതിജീവനം സാധ്യമാകൂ എന്ന പാഠമാണ് ഇതിലൂടെ അദ്ദേഹം നൽകുന്നത്. സാമൂഹിക പരിഷ്കരണത്തെ വിമോചന പോരാട്ടങ്ങൾക്കും സ്വാതന്ത്ര്യസമരങ്ങൾക്കുമുള്ള മുന്നുപാധിയും ഇന്ധനവുമാക്കി മാറ്റുന്ന സമരതന്ത്രമാണ് അദ്ദേഹം ഇവിടെ രൂപപ്പെടുത്തുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ മുസ്‌ലിംകൾക്ക് സമഗ്രമായി നേതൃത്വം നൽകുന്ന ഒരമീറിന്റെ അഭാവം അദ്ദേഹത്തെ വളരെയധികം ഖിന്നനാക്കുന്നുണ്ട്. ചരിത്രത്തിലും സമൂഹത്തിലും ഇസ്‌ലാമിന്റെ യഥാർഥ പ്രതിനിധാനം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചുള്ള ശൈഖ് സൈനുദ്ദീന്റെ കൃത്യമായ കാഴ്ചപ്പാട് ഇതിൽനിന്ന് വായിച്ചെടുക്കാം. അതേസമയം, സ്വന്തമായി അമീറില്ലെങ്കിലും തങ്ങളെ സഹായിക്കുകയും പിന്തുണക്കുകയും വിശ്വാസകാര്യങ്ങളിൽ ഇടപെടാതിരിക്കുകയും ചെയ്യുന്ന സാമൂതിരിയെ പോലുള്ള ഒരമുസ്‌ലിം രാജാവിന്റെ കീഴിൽ അണിനിരന്ന് അധിനിവേശത്തെ ചെറുത്തു തോൽപിക്കേണ്ടത് മുസ്‌ലിംകളുടെ മതബാധ്യതയാണെന്ന പ്രായോഗിക സമീപനവും അദ്ദേഹം പുലർത്തി. സാമ്രാജ്യത്വം പോലുള്ള മനുഷ്യരാശിയുടെ പൊതു ശത്രുവിനെ നേരിടാൻ വിശ്വാസി, അവിശ്വാസി ഭേദമന്യേ എല്ലാവരുടെയും സഹകരണം ഉണ്ടാകണം എന്ന ഇസ്‌ലാമിക പാഠമാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്. ഇന്ത്യക്കകത്തും പുറത്തും പ്രബലരും ശക്തരുമായ മുസ്‌ലിം സാമ്രാട്ടുകളുണ്ടായിട്ടും അവരൊന്നും മലബാറിലെ മുസ്‌ലിംകളെ രക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ അദ്ദേഹം രോഷാകുലനായിരുന്നു. അവരെ ബാധിച്ച ഭൗതികപ്രമത്തതയും പരലോക ബോധമില്ലായ്മയുമാണ് ഈ നിഷ്ക്രിയതത്ത്വത്തിന് കാരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. പറങ്കികൾക്കെതിരെ സാമൂതിരിയും മുസ്‌ലിം രാജാക്കന്മാരും ചേർന്നുള്ള ഒരാഗോള സഖ്യം രൂപപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് മുസ്‌ലിം രാജാക്കന്മാരുടെ നിസ്സഹകരണം മൂലം ഏറ്റ തിരിച്ചടിയാണ് മഖ്ദൂമിന്റെ ഈ വിമർശനത്തിനാധാരം. പറങ്കി ആക്രമണങ്ങളെ പ്രതിരോധിക്കാനുള്ള ആശയപരമായ ഉൾക്കരുത്ത് പ്രദാനം ചെയ്യുന്ന ഒരു സമരകൃതിയിൽ പോർച്ചുഗീസ് അധിനിവേശത്തിന്റെ ചരിത്രവും ഹിന്ദുസമുദായത്തിന്റെ സാമൂഹിക സ്ഥിതിയും പ്രതിപാദിക്കുന്നത്, ശത്രുവിന്റെയും മിത്രത്തിന്റെയും യഥാർഥ ശക്തി-ദൗർബല്യങ്ങൾ മനസ്സിലാക്കാതെയുള്ള ഏതൊരു പ്രതിരോധശ്രമവും പാഴ്‌വേലയായിരിക്കുമെന്ന അദ്ദേഹത്തിന്റെ തിരിച്ചറിവിനെയാണ് സൂചിപ്പിക്കുന്നത്.

(തുടരും)

*സോളിഡാരിറ്റി മലപ്പുറം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി ജില്ലാ കമ്മിറ്റി 17.12.2006-ന് പൊന്നാനിയിൽ സംഘടിപ്പിച്ച ചരിത്ര സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം*